**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2054</u> 13.06.2019 ൽ മറുപടിക്ക്

## മസ്തിഷ്ക മരണം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മസ്തിഷ്ക മരണം സ്ഥിതീകരിക്കുന്നതിനായി ഡോ. എം. ആർ. രാജഗോപാൽ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തൊക്കെയായിരുന്നു; | (എ), (ബി) & (സി) | ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് End of Life Care – Advanced Directive എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് Living Will തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായാണ് ഡോ. എം.ആർ രാജഗോപാൽ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിലും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | പ്രസ്തുത മാർഗ്ഗരേഖ പുറത്തിറക്കിയശേഷം മൃതസഞ്ജീവനി പദ്ധതിയിൽ എന്തെങ്കിലും പ്രതിബന്ധം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | മസ്തിഷ്ക മരണം രേഖപ്പെടുത്തുന്നതിനുള്ള നടപടി കൂടുതൽ കർശനവും സുതാര്യവും ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | 01.02.2017 ലെ സാ.ഉ.(കൈ) 16/2017/ആ.കു.വ പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരണം സുതാര്യമാക്കുന്നതിനു വേണ്ടി മസ്തിഷ്ക മരണം സ്ഥിരീകരണ നാലംഗ സമിതിയിൽ ഒരു സർക്കാർ ഡോക്ടറെ നിർബന്ധമാക്കുകയും മസ്തിഷ്ക മരണം സ്ഥിരീകരണ സമയത്തുള്ള കാര്യങ്ങൾ വീഡിയോയിൽ പകർത്തുവാനും ഉത്തരവായിട്ടുണ്ട്.<br>03.04.2018 ലെ സ.ഉ.(കൈ) 53/2018 പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരണവുമായി ബന്ധപ്പെട്ട് സർക്കാർ /സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ (Standard Operating procedure) പുറപ്പെടുവിക്കുകയുണ്ടായി.<br>കൂടാതെ 06.10.2019 ലെ സാ.ഉ(സാധ) 3060/2018/ആകു.വ പ്രകാരം മസ്തിഷ്ക മരണം ഉറപ്പാക്കുന്നത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിന് ആധികാരികത ഉറപ്പുവരുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പ് മേധാവികളും സ്റ്റേറ്റ് അറ്റോർണിയും ഉൾപ്പെടെയുള്ള കമ്മിറ്റിയ്ക്ക് രൂപം നൽകുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ